(സി) 1999-2000 ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 14.18 കോടി രൂപ. 2000-2001 ലെ കണക്കുകൾ പൂർത്തിയാക്കിയിട്ടില്ല.

(ഡി) 1995-96 ധനകാര്യ വർഷത്തിൽ 26.08 കോടി രൂപ.

## ട്രഷറി നിയന്ത്രണമില്ലാത്ത ദിവസങ്ങൾ

49 (445) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 നവംബർ, ഡിസംബർ, 2001 ജനുവരി എന്നീ മാസങ്ങളിൽ ട്രഷറി നിയന്ത്രണമില്ലാത്ത എത്ര ദിവസങ്ങളുണ്ടായിരുന്നു ;

(ബി) ഈ കാലയളവിൽ എത്ര പെൻഷൻകാർക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ കൊടുക്കാതിരുന്നിട്ടുണ്ട് ;

(സി) ഈ ആനുകൂല്യങ്ങൾ എന്ത് തുകയ്ക്ക് വരുമെന്ന് പറയാമോ ;

(ഡി) ഈ കാലയളവിൽ മറ്റെന്തെല്ലാം ട്രഷറി ഇടപാടുകൾ നിർത്തി വച്ചു ;

(ഇ) പെൻഷൻകാർക്ക് ലഭിക്കേണ്ടിയിരുന്നതും ഇക്കാലത്ത് കൊടുക്കാതിരുന്നതുമായ ആനുകൂല്യങ്ങൾ എന്ന് കൊടുത്ത് തീർക്കും എന്ന് പറയുമോ ?

### ഉത്തരം

(എ) 1990 മുതൽ ഏർപ്പെടുത്തിയ ട്രഷറി ഇടപാടുകളിലെ നിയന്ത്രണങ്ങൾ ഇപ്പോഴും തുടർന്ന് വരികയാണ്. ഇതനുസരിച്ച് എല്ലാ ദിവസങ്ങളിലും ട്രഷറി നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു.

(ബി) പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വച്ചിട്ടില്ല.

(സി) മൂൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ 'ബാധകമല്ല'.

(ഡി) ട്രഷറി ഇടപാടുകളൊന്നും നിർത്തി വച്ചിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

## ട്രഷറി ഡെപ്പോസിറ്റ്

50 (446) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ ട്രഷറി ഡെപ്പോസിറ്റ് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly